2025
മെയ്
LK/2018/15088

# ലിറ്റിൽ ന്യൂസ്

ഗവ: ഹൈസ്കൂൾ കുറുമ്പാല

MUNDAKKUTTY PO, KUPPADITHARA, WAYANAD, 670645 littlekites15088@gmail.com

## SSLC 2025 തുടർച്ചയായി മൂന്നാമതും

# നൂറുമേനി കൊയ്ത് ജിഎച്ച്എസ് കുറുമ്പാല



കുപ്പാടിത്തറ: എസ്എസ്എൽസി പരീക്ഷയിൽ നൂറ് ശതമാനം വിജയത്തോടെ ജിഎച്ച്എസ് കുറുമ്പാല വിജയക്കുതിപ്പ് തുടരുന്നു.ഇത് തുടർച്ചയായി മൂന്നാം വർഷമാണ് വിദ്യാലയം 100% റിസൾട്ട് നേടുന്നത്.ആകെ പരീക്ഷയെഴുതിയ 40 കുട്ടികളും ഉയർന്ന ഗ്രേഡോടെ ഉന്നത പഠനത്തിന് യോഗ്യത നേടി. ഏഴ് കുട്ടികൾ എല്ലാ വിഷയങ്ങൾക്കും എ പ്ലസ് ഗ്രേഡിന് അർഹത നേടി. നാല് കുട്ടികൾക്ക് ഒൻപത് വിഷയങ്ങളിൽ എ പ്ലസ് ഗ്രേഡും ലഭിച്ചു.

പഠനനിലവാരം ഉയർത്താനും അക്കാദമിക മികവ് വർദ്ധിപ്പിക്കാനും കഴിഞ്ഞ കാലങ്ങളിൽ തുടർച്ചയായി നടപ്പിലാക്കിവരുന്ന വിവിധ പദ്ധതികളുടെ വിജയവും അധ്യാപകർ, രക്ഷിതാക്കൾ, കുട്ടികൾ തുടങ്ങിയവരുടെ കൂട്ടായ പ്രവർത്തനവും ജനപ്രതിനിധികൾ, മറ്റ് വിദ്യാഭ്യാസ അധികാരികൾ എന്നിവരുടെ പിന്തുണയും ഈ മഹാ വിജയത്തിന് കാരണമായി. എസ്എസ്എൽസി പരീക്ഷ മുന്നൊരുക്കത്തിന്റെ ഭാഗമായി കഴിഞ്ഞ ജൂൺ മുതൽ തന്നെ രാവിലെ 8:30 മുതൽ ഒന്നരമണിക്കൂറും വൈകുന്നേരം നാല് മണി മുതൽ 5 മണി വരെ ഒരു മണിക്കൂറും കുട്ടികൾക്ക് അധിക പരിശീലനം നൽകിയിരുന്നു. കൂടാതെ ജനുവരി, ഫെബ്രുവരി മാസങ്ങളിൽ നടത്തിയ പഠന ക്യാമ്പുകളും, അധ്യാപകർ കുട്ടികളെ ദത്തെടുത്ത് നൽകിയ പ്രത്യേക പരിചരണവും ഏറെ പ്രയോജനപ്പെട്ടു. പഠനത്തിൽ പിന്നാക്കം നിൽക്കുന്നവർക്കാവശ്യമായ കൈത്താങ്ങ് നൽകി അവരെ ഉയർത്തികൊണ്ട് വരിക എന്ന ഉദ്ദേശ്യത്തോടെ നടത്തിയ സബ്ജക്ട് ക്ലിനിക്ക്, അക്ഷരക്കൂട്ട്, എന്നീ പരിപാടികളും, പഠന മികവ് പുലർത്തുന്നവരെ പ്രോത്സാഹിപ്പിക്കുന്നതിനും അംഗീകരിക്കുന്നതിനും വേണ്ടി നടത്തിയ സ്റ്റാർ പ്രൊജക്ട്, പൊലിമ എന്നീ പ്രവർത്തനങ്ങളും അക്കാദമിക നിലവാരം ഉയർത്തുന്നതിന് സഹായകമായി. മികച്ച വിജയം നേടി സ്ഥാപനത്തിൻറെ യശസ്സുയർത്തിയ വിദ്യാർഥികളെ സ്റ്റാഫ് & പിടിഎ അഭിനന്ദിച്ചു. കുട്ടികളെ അവരവരുടെ വീടുകളിലെത്തി മധുരം നൽകി അനുമോദിച്ചു.

എല്ലാ കൂട്ടുകാർക്കും
സന്തോഷകരമായ
പുതിയൊരു അധ്യയന
വർഷം ആശംസിക്കുന്നു.
ടീം ലിറ്റിൽ ന്യൂസ്



# SSLC 2025 - ഫുൾ എ പ്ലസ് ഗ്രേഡ് നേടിയ പ്രതിഭകൾ



മുഹമ്മദ് നാഫിൽ ഇ
S/O നൗഫൽ എടവെട്ടൻ



ശിവന്യ കെ എസ്
D/O ശ്രീനിവാസൻ



മുബശ്ശിറ പി പി
D/O അബ്ദുൾ സലാം




ഫാത്തിമത്ത് ഫർഹാന
D/O മമ്മൂട്ടി



അംന ഫാത്തിമ
D/O അസീസ്



സക്കിയ ഫാത്തിമ കെ എ
D/O അബ്ദുൾ അസീസ്



ഫാത്തിമ സഹല പി
D/O മുഹമ്മദ് അലി

## 9 എ പ്ലസ് ഗ്രേഡ് നേടിയവർ



അയിഷ ഹനി
D/O അഷറഫ്



ഫാത്തിമ ഫർഹ
D/O ഹുസൈൻ



അസ്ന ഫാത്തിമ
D/O ഷൗക്കത്തലി



റെന ഷെറിൻ
D/O മഹറൂഫ്

# USS പരീക്ഷയിൽ മിന്നും വിജയം



**കീർത്തന എൻ പി**
**D/o കരുണാകരൻ കെ**



**നിദ ഫാത്തിമ**
**D/o അയ്യൂബ്**



**ഷംസിയ ഫാത്തിമ**
**D/o ഷംസുദ്ദീൻ കെ**

കുപ്പാടിത്തറ:എസ് എസ് എൽ സി പരീക്ഷയിലെ നൂറ് ശതമാനം വിജയത്തോടൊപ്പം മറ്റൊരു സന്തോഷവും കൂടി വിദ്യാലയത്തെ തേടിയെത്തി. മൂന്ന് കുട്ടികൾ 2024-25 അധ്യയന വർഷത്തെ യു എസ് എസ് സ്കോളർഷിപ്പിന് അർഹത നേടി. കീർത്തന എൻ പി (7A), നിദ ഫാത്തിമ(7B), ഷംസിയ ഫാത്തിമ കെ എസ് (7B) എന്നീ കുട്ടികളാണ് അഭിമാനാർഹമായ നേട്ടത്തിനർഹരായത്

എൽ എസ് എസ്, യു എസ് എസ്, എൻ എം എം എസ് പരീക്ഷ മുന്നൊരുക്കങ്ങളുടെ ഭാഗമായി തീവ്രയജ്ഞ പരിപാടികളാണ് വിദ്യാലയത്തിൽ സംഘടിപ്പിച്ച്വരുന്നത്. പ്രവൃത്തി ദിനങ്ങളിൽ രാവിലെയും,വൈകുന്നേരവും അധിക സമയം കണ്ടെത്തി നൽകുന്ന ക്ലാസുൾക്ക് പുറമെ, അവധി ദിവസങ്ങളിലും മറ്റും അധിക പരിശീലനങ്ങളും, മാതൃകാ പരീക്ഷകളും നടത്തുന്നു. വിദ്യാലയത്തിലെ അധ്യാവകർ തന്നെയാണ് കുട്ടികളെ പരീക്ഷക്കായിപരിശീലിപ്പിക്കുന്നത്.

മുൻ വർഷങ്ങളിലും ധാരാളം വിദ്യാർത്ഥികൾ എൽ എസ്എസ്, യു എസ് എസ്, എൻ എം എം എസ് സ്കോളർഷിപ്പുകൾക്ക് അർഹരായിട്ടുണ്ട്.മികച്ച വിജയം നേടി സ്ഥാപനത്തിന്റെ യശസ്സുയർത്തിയ വിദ്യാർഥികളെ സ്റ്റാഫ്,പിടിഎ അനുമോദിച്ചു.

## SSSL 2025 കുതിച്ചുയർന്ന് വയനാട്

കൽപ്പറ്റ:2025 വർഷത്തെ എസ് എസ്എൽസി പരീക്ഷയിൽ മികച്ച നേട്ടത്തോടെ വയനാട് ജില്ല സംസ്ഥാനതലത്തിൽ ആറാം സ്ഥാനം നേടി. ജില്ലയിൽ ആകെ പരീക്ഷയെഴുതിയ 11640 കുട്ടികളിൽ 11592 കുട്ടികളും ഉപരിപഠനത്തിന് യോഗ്യത നേടി.99.59 ശതമാനം റിസൾട്ടോടെയാണ് ജില്ല സംസ്ഥാനതലത്തിൽ ആറാം സ്ഥാനം നേടിയത്. 1397 കുട്ടികൾ എല്ലാ വിഷയങ്ങൾക്കും ഫുൾ എ പ്ലസ് ഗ്രേഡ് നേടി.

ജില്ലയിലെ സർക്കാർ,എയ്ഡഡ്,അൺ എയ്ഡഡ് സ്കൂളുകൾ ഉൾപ്പെടെ എഴുപത്തിരണ്ട് വിദ്യാലയങ്ങൾ 100% വിജയം കരസ്ഥമാക്കി.

ജില്ലാ വിദ്യാഭ്യാസ ഓഫീസറായിരുന്ന ശരത്ചന്ദ്ര സാറിന്റെ 'പീക്ക്റ്റു വേ' പദ്ധതിയുടെ ഭാഗമായും വിദ്യാലയങ്ങളുടെ തനത് പ്രവർത്തനങ്ങളും ജില്ലയുടെ വിജയശതമാനം ഉയർത്തുന്നതിന് സഹായകമായി. ഓരോ അധ്യാപകരും വിദ്യാർത്ഥികളെ ദത്തെടുത്തും വിദ്യാഭ്യാസ ഓഫീസർമാർ വിവിധ വിദ്യാലയങ്ങളെ ദത്തെടുത്തും നടത്തിയ ചിട്ടയായ പ്രവർത്തനങ്ങളും വിജയത്തിനൊരു കാരണമായി.ഒപ്പം ജില്ലാ പഞ്ചായത്തും ഡയറ്റ് വയനാടും സംയുക്തമായി തയ്യാറാക്കി നൽകിയ പഠന വിഭവങ്ങളും മറ്റ് സഹായങ്ങളും ഏറെ പ്രയോജനപ്പെട്ടു.ജില്ലാ വിദ്യാഭ്യാസ ഉപഡയറക്ടർ ശശീന്ദ്ര വ്യാസ് സാറിന്റെ നേതൃത്വത്തിൽ നടത്തിയ ഏകോപനവും,മോണിറ്ററിംഗ് പ്രവർത്തനങ്ങളുമെല്ലാം അഭിമാനകരമായ നേട്ടം കൈവരിക്കാൻ സഹായകമായി.

ഒൻപതു വർഷം തുടർച്ചയായി പതിനാലാം സ്ഥാനത്തായിരുന്ന വയനാട് ജില്ല കഴിഞ്ഞവർഷം പതിമൂന്നാം സ്ഥാനത്തായിരുന്നു.കൂട്ടായ ആത്മാർത്ഥമായ പ്രവർത്തനങ്ങൾ ഈ വർഷം ആറാം സ്ഥാനത്തേക്ക് കുതിച്ചുയരാൻ സഹായകമായി..

# ഒരുക്കങ്ങൾ പൂർത്തിയാക്കി





കുപ്പാടിത്തറ: 2025-26 അധ്യയന വർഷം സ്കൂൾ തുറക്കുന്നതിന്റെ മുന്നൊരുക്ക പ്രവത്തനങ്ങളുടെ ഭാഗമായി വിവിധ പ്രവർത്തനങ്ങൾ പൂർത്തിയാക്കി.

വിദ്യാലയവും,പരിസരവും,ക്ലാസ് മുറികളും ശുചീകരിച്ചു. മരശിഖിരങ്ങൾ വെട്ടിയൊതുക്കി.കാടുകൾ വെട്ടി ഗ്രൗണ്ടും പരിസരവും മനോഹരമാക്കി.കെട്ടിടങ്ങളും ക്ലാസ് മുറികളും സുരക്ഷിതമാക്കി ഫിറ്റ്നസ് അംഗീകാരം നേടി. കിണർ ശുദ്ധീകരിച്ചു.പാചകപ്പുര ക്ലീൻ ചെയ്തു. വാഷിംഗ് ഏരിയ,ബാത്ത്റൂമുകൾ എന്നിവ ശുചീകരിച്ചു.ലാബുകൾ സജീകരിച്ചു.പുതിയ ഓപ്പറേറ്റിംഗ് സിസ്റ്റം ഇൻസ്റ്റാൾ ചെയ്ത് ഐ ടി ലാബുകൾ സജീകരിച്ചു.ഫർണീച്ചറുകൾ ഉറപ്പ്‌വരുത്തി.പരിശോധനകൾ പൂർത്തിയാക്കി സ്കൂൾ ബസിന്റെ ഫിറ്റ്നസ് കരസ്ഥമാക്കി. പുതിയ പാഠപുസ്തകങ്ങൾ വിതരണം ചെയ്ത് വരുന്നു.മാറിയ പാഠ



പുസ്തകവുമായി ബന്ധപ്പെട്ട് അധ്യാപകർക്കുള്ള പരിശീലനങ്ങൾ പൂർത്തിയായി.പിടിഎ,എംപിടിഎ, എസ്എംസി യോഗങ്ങളും സ്റ്റാഫ് കൗൺസിൽ യോഗവും ചേരുകയുണ്ടായി.ക്ലാസ് ചാർജ്,മറ്റ് ചുമതലകൾ അധ്യാപകർക്ക് വിഭജിച്ചു നൽകി.

ശുചീകരണ പ്രവർത്തനങ്ങൾക്ക് ഹെഡ്മാസ്റ്റർ കെ അബ്ദുൾ റഷീദ്,പിടിഎ പ്രസിഡൻറ് ഇ കെ ഷറഫുദ്ദീൻ,എംപിടിഎ പ്രസിഡന്റ് ഗീത ചന്ദ്രശേഖരൻ, എസ്എംസി വൈ.ചെയർമാൻ ആബിദ്,മറ്റ് അംഗങ്ങളായ ചന്ദ്രശേഖരൻ,ഫൗസിയ എന്നിവർ നേതൃത്വം നൽകി. അധ്യാപകർ, ജീവനക്കാർ, SSSS ക്ലബ്ബംഗങ്ങൾ പങ്കെടുത്തു.

വിദ്യാലയത്തിലെ മുന്നൊരുക്ക പ്രവർത്തനങ്ങൾ വിലയിരുത്താൻ എസ് എസ് കെ വൈത്തിരി ബ്ലോക്ക് പ്രോജക്ട് കോർഡിനേറ്റർ ഇൻ ചാർജ് ഡോളി എ പി വിദ്യാലയംസന്ദർശിച്ചു.

## സമഗ്ര ഗുണമേന്മ വിദ്യാഭ്യാസ പദ്ധതി

കുപ്പാടിത്തറ: പൊതുവിദ്യാഭ്യാസ വകുപ്പ് നടപ്പിലാക്കിവരുന്ന സമഗ്ര ഗുണമേന്മ വിദ്യാഭ്യാസ പദ്ധതിയുമായി ബന്ധപ്പെട്ട് എട്ടാം ക്ലാസിലെ അർഹതപ്പെട്ട കുട്ടികൾക്കായി പ്രത്യേക പരിശീലനം നൽകി. വിദ്യാലയത്തിലും ഉന്നതികളിലുമായി നടത്തിയ ക്ലാസുകൾക്ക് അദ്ധ്യാപകർ നേതൃത്വം നൽകി. പ്രത്യേകം തയ്യാറാക്കപ്പെട്ട ചോദ്യപേപ്പർ ഉപയോഗിച്ച്പരീക്ഷയുംനടത്തി.

പദ്ധതിയുമായി ബന്ധപ്പെട്ട് സ്കൂൾ തല സമിതി രൂപീകരിച്ചു.അധ്യാപകർ, പിടിഎ, എം പി ടി എ അംഗങ്ങൾ, ജനപ്രതിനിധികൾ, എസ് എം സി അംഗങ്ങൾ,വിവിധ ക്ലബ്ബുകളുടെ അംഗങ്ങൾ, ആരോഗ്യപ്രവർത്തകർ,രാഷ്ട്രീയ-സാമൂഹികസാംസ്കാരിക പ്രവർത്തകർ, ബിആർസി പ്രതിനിധി, കുടുംബശ്രീ പ്രവർത്തകർ, ട്രൈബൽ പ്രമോട്ടർ, തുടങ്ങിയവരെ ഉൾപ്പെടുത്തിയാണ് സ്കൂൾ തല സമിതി രൂപീകരിച്ചത്. രൂപീകരണയോഗം വാർഡ് മെമ്പർ ബുഷറ വൈശ്യൻ ഉദ്ഘാടനം ചെയ്തു.പിടിഎ പ്രസിഡണ്ട് ഇ കെ ഷറഫുദ്ദീൻ അധ്യക്ഷത വഹിച്ചു.

## ഹെൽപ് ഡെസ്ക്

കുപ്പാടിത്തറ: വിദ്യാലയത്തിൽ നിന്ന് പത്താം തരം പൂർത്തിയാക്കിയ മുഴുവൻ കുട്ടികൾക്കും പ്ലസ് വൺ ഏക ജാലക പ്രവേശനത്തിനുള്ള സൗകര്യമൊരുക്കുന്നതിനായി സ്കൂളിൽ ഹെൽപ്പ് ഡെസ്ക് സൗകര്യം ഒരുക്കി.ഐ ടി വിംങിന്റെ നേതൃത്വത്തിൽ സംഘടിപ്പിച്ച ഹെൽപ്പ്ഡെസ്ക് ഹെഡ്മാസ്റ്റർ അബ്ദുൾ റഷീദ് ഉദ്ഘാടനം ചെയ്തു.മുഴുവൻ കുട്ടികളും അഡ്മിഷനായി അപേക്ഷ സമർപ്പിച്ചുവെന്ന് ഉറപ്പ് വരുത്തി.മുൻ കാലങ്ങളിലും ഈ സംവിധാനം സ്കൂളിൽ ഒരുക്കിയിരുന്നു.

# എൻെറ മാരാർ സ്കൂൾ




1975 മുതൽ 1979 വരെയാണ് അന്നത്തെ താഴത്തുള്ള കുറുമ്പാല GLP യിലെ എൻെറ പഠനകാലം. ഇന്ന് മുകളിലുള്ള മനോഹരമായ കെട്ടിടവും വിശാലമായ കോമ്പോണ്ടും അന്ന് ഞങ്ങൾ ഉപ്പ്മാവ് ഉണ്ടാക്കാൻ വിറക് ശേഖരിക്കുന്ന കുറ്റിക്കാടുകളായിരുന്നു.പഠനത്തോടൊപ്പം വലിയ പുളി മരങ്ങളിൽ നിന്ന് യഥേഷ്ടം കിട്ടുന്ന വാളൻ പുളികളും, ഇന്നത്തെ ബിരിയാണിയെക്കാൾ ടേയ്സ്റ്റുള്ള ഉപ്പ്മാവും,പന്ത് കളിയും, കുട്ടികൾ തമ്മിലുള്ള ചെറിയഅടിപിടികളും.....ഹരമായിരുന്നു ആ കുട്ടിക്കാലം.

ബേങ്ക്കുന്നിലെ മരണപ്പെട്ടുപോയ ചന്തുവായിരുന്നു കയ്യും കാലും തൊടാതെ തല മാത്രം കൊണ്ട് പന്ത് ആകാശത്തോളം തവണകളായി തട്ടി ദിവസവും കളിക്ക് നേതൃത്വം വഹിക്കാറുള്ളത്.പേര് മനസ്സിൽ നിന്ന് മാഞ്ഞുപോയ നിരവധി ടീച്ചേഴ്സുണ്ട്. നന്നായി അടി തരുന്ന ഒരു ജോസഫ് സാറുണ്ടായിരുന്നു. കയ്യിലെ പൊക്കിളയും അദ്ധേഹത്തിൻെറ പേരും ആരും മറക്കാൻ സാധ്യതയില്ലെന്നാണ് തോന്നുന്നത്.ജാതിയുടെയും മതത്തിൻെറയും പേരിൽ ഒരഴിത്തവും അന്നുണ്ടായില്ല. ഇന്നത്തെ രാഷ്ട്രീയ നേതാവ് സുകു ആയിരുന്നു ഞങ്ങളുടേയൊക്കെ പ്രധാന സുഹൃത്ത്. കുട്ടപ്പൻ ചേട്ടൻെറ മകൻ ജെയ്സണും( മുൻ പഞ്ചായത്ത് മെമ്പർ),ഒതയോത്തുമ്മൽ രാജുവുമായിരുന്നു എൻെറ ക്ലാസിൽ തോളോട്തോൾ ചേർന്നിരുന്നത്.ഇന്നും ആ സൗഹൃദം പുതുക്കുന്നു.

മാരാരുടെ വീട്ടിൽ നിന്ന് എല്ലാ സഹായങ്ങളും കിട്ടിയിരുന്നു.PTA കമ്മറ്റിയിലെ KP അബൂക്കയും കണ്ണോത്തുമ്മൽ ഇബ്രായിക്കയും വരുമ്പോൾ വലിയ സാറുമ്മാരാണ് എന്നാണ് ആദ്യമാദ്യം മനസിലാക്കിയത്.ഞങ്ങളൊക്കെ മുണ്ടും വള്ളി ട്രൗസറും ഇട്ട് വരുമ്പോൾ കോറോത്ത് മമ്മൂക്കയുടെ മക്കൾ മാത്രമാണ് പാൻ്റ്സ് ധരിച്ച് സ്ക്കൂളിൽ വരാറുള്ളത്. കൊറ്റുകുളത്തിൽ നിന്ന് വന്നിരുന്ന പ്യൂൺ നമ്പ്യാർ സർ പലപ്പോഴും ക്ലാസ് ടീച്ചറുടെ ശിക്ഷയിൽ ഇളവ് വരുത്തിതന്നിട്ടുണ്ട്.

ശൗച്യാലയം പരിമിതമായാതിനാൽ വെള്ളുത്താമ്മൽ ഭാഗത്ത്കൂടെ കല്ലോട്ട ഭാഗത്തേക്ക് ഒഴുകുന്ന തോടും വയലും ഉപയോഗപ്പെടുത്താറുണ്ടായിരുന്നു.ശക്തമായ മഴയുണ്ടായപ്പോൾ ആ തോടിലെ പനപ്പാത്തി പാലം ഒലിച്ച് പോയതിനാൽ തോട് ചാടിക്കടക്കാൻ കഴിയാതെ സ്ക്കൂളിൽ വരാതെ തിരിച്ചു വീട്ടിലേക്ക് പോയതുംഓർമ്മയിലുണ്ട്.

45 വർഷം പിന്നിടുമ്പോൾ കുപ്പാടിത്തറയിലെ വിദ്യാഭ്യാസ രംഗത്ത് വിപ്ലവം സൃഷ്ടിച്ചു മുന്നേറുകയാണ് കുറുമ്പാല ഹൈസ്ക്കൂൾ. പ്രഗൽഭരായ അധ്യാപകരും, ശക്തമായ പിടിഎ യും കൂടിയായപ്പോൾ പഠനനിലവാരം ഓരോ വർഷവും ഉയരങ്ങളിലേക്ക് കുതിച്ചുയരുകയാണ്.



(ചിത്രം-AI)

SSLC പരീക്ഷയിലെ നൂറ് ശതമാനം വിജയം കുറുമ്പാലയുടെ നിലവാരം ഉയർത്തി. സാമൂഹിക-സാംസ്കാരിക-രാഷ്ട്രീയക്കാരുടെയും ജനപ്രതിനിധികളുടെയും ഇടപെടൽ അതിമനോഹരമായ കെട്ടിടവും.പുതിയ ബസ്സും,മറ്റ് സൗകര്യങ്ങളും സ്ഥാപനത്തിനുണ്ടായി.തെരെഞ്ഞെടുപ്പ് കാലങ്ങളിൽ പോളിംഗ്ഉദ്യോഗസ്ഥർക്ക് ബൂത്തൊരുക്കാനും മറ്റുമായി കുറുമ്പാലഹൈസ്ക്കൂൾ ഇന്നേറെ സൗകര്യപ്രഥമായിട്ടുണ്ട്.ഇനിയും ധാരാളം മികവുകളും, നേട്ടങ്ങളുമുണ്ടാകട്ടെ.

**അബു പി കെ. ബാങ്ക്കുന്ന്**
**(പൂർവ്വ വിദ്യാർത്ഥി)**